പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 118* 14.06.2012 ൽ മറുപടിക്ക്

## ബൈപ്പാസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. സാജു പോൾ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്തൊട്ടാകെ ബൈപ്പാസുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) ബൈപ്പാസുകൾ നിർമ്മിക്കേണ്ടതായി കണ്ടെത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണ് ; സർവ്വേ പൂർത്തിയായവ ഏതൊക്കെയാണ് ; അവ ഓരോന്നും നിർമ്മിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) കെ.എസ്.ടി.പി. തിരുവല്ല ടൗണിൽ ബൈപ്പാസ് നിർമ്മിക്കുന്നതാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനം 2013 ൽ തുടങ്ങുന്നതാണ്.<br>ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം എന്നിവയെ സംബന്ധിക്കുന്ന വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ആദ്യഘട്ട ബൈപ്പാസുകളിൽ നിർമ്മാണം ആരംഭിക്കാത്തവ ഏതൊക്കെയാണ്? | (സി)<br>1. ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ് - സർവ്വേ ജോലികൾ പുരോഗമിക്കുന്നു.<br>2. പാലക്കാട് കെ.എസ്.ആർ.ടി.സി. ലിങ്ക് റോഡ്-പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചു കഴിഞ്ഞു.<br>3. പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ് (കട്ടപ്പന) - പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചു കഴിഞ്ഞു.<br>4. തൃശ്ശൂർ അമലനഗർ മണ്ണുത്തി ബൈപ്പാസ്-പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചു കഴിഞ്ഞു.<br>5. അയർക്കുന്നം - കുട്ടില്ലം ബൈപ്പാസ് (കോട്ടയം) -ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ